**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** **07-12-2022 - ൽ മറുപടിയ്ക്ക്**

**വനാതിർത്തി സ്ഥിരം ജണ്ടകെട്ടി വേർതിരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന അതിർത്തികൾ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന നടപടിയുടെ പുരോഗതി വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് വന അതിർത്തികൾ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. സെൻട്രൽ സർക്കിൾ തൃശ്ശൂർ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ എന്നിവയുടെ പരിധിയിൽ വരുന്ന വനാതിർത്തികൾ ഇതിനോടകം പൂർണ്ണമായും ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. |
| (ബി) | ഇനിയും ജണ്ട കെട്ടൽ അവശേഷിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വനാതിർത്തികളിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

- കൊല്ലം സതേൺ വനം സർക്കിൾ പരിധിയിൽ തിരുവനന്തപുരം വനംഡിവിഷന്റെ പാലോട്, പരുത്തിപ്പള്ളി റെയിഞ്ചുകളുടെ വനാതിർത്തികളിലായി ആകെ 357 ജണ്ടകൾ കൂടി നിർമ്മിക്കാനുണ്ട്. തെന്മല ഡിവിഷനിലെ തെന്മല റെയിഞ്ചിന്റെ പരിധിയിൽപ്പെട്ട ഇടമൺ സെക്ഷനിലെ സത്രംമുക്ക്, കുട്ടിവനം, മൂന്ന് കണ്ണറ ഏരിയകളിൽ 30 സ്ഥിരംജണ്ടകളും, തെന്മല സെക്ഷനിലെ ഹാരിസൺ മലയാളം ലിമിറ്റഡ് ബൗണ്ടറിയിൽ 100 സ്ഥിരം ജണ്ടകളും ഇനി നിർമ്മിക്കാനുണ്ട്. കൂടാതെ പുനലൂർ വനംഡിവിഷനിലെ പത്തനാപുരം റെയിഞ്ചിലെ പുന്നല ഫോറസ്റ്റ് സ്റ്റേഷനിലെ ചിതൽവെട്ടി ഭാഗങ്ങളിൽ 100 ജണ്ടകൾ കൂടി നിർമ്മിക്കാനുണ്ട്.
- കോട്ടയം ഹൈറേഞ്ച് വനം സർക്കിളിലെ കോട്ടയം ഡിവിഷനിലെ എരുമേലി, നഗരംപാറ, കുമളി റെയിഞ്ചുകളിലായി ഏകദേശം 24 കി.മീറ്റർ ദൂരത്തിൽ 1200 ജണ്ടകളും, കോതമംഗലം ഡിവിഷനിൽ തൊടുപുഴ, കാളിയാർ, മുള്ളരിങ്ങാട് റെയിഞ്ചുകളിലായി ഏകദേശം 40 കി.മീറ്റർ ദൂരത്തിൽ 2000 ജണ്ടകളും, മൂന്നാർ ഡിവിഷനിൽ നേര്യമംഗലം, മൂന്നാർ (ഇടമലക്കുടി), ദേവികുളം, അടിമാലി റെയിഞ്ചുകളിലായി 26 കി.മീറ്റർ ദൂരത്തിൽ 1300 ജണ്ടകളും, മാങ്കുളം ഡിവിഷനിൽ മാങ്കുളം റിസർവ് ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് 5 കി.മീറ്റർ ദൂരത്തിൽ 250 ജണ്ടകളും, മറയൂർ ഡിവിഷനിൽ തീർത്ഥലാർ പ്രൊപ്പോസ്ഡ് റിസർവ്വ്, ഇ.എഫ്.എൽ ഭൂമി എന്നിവയുടെ അതിർത്തികളിൽ 1.4 കി.മീറ്റർ ദൂരത്തിലായി 70 ജണ്ടകളും ഇനിയും സ്ഥാപിക്കുവാനുണ്ട്.
- പാലക്കാട് ഈസ്റ്റേൺ വനം സർക്കിളിന്റെ പരിധിയിൽ നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ റെയിഞ്ച് പരിധിയിൽ ചെക്കുന്ന് മലവാരം, ഊർങ്ങാട്ടിരി മലവാരം, ചെമ്പോത്തി ഇ.എഫ്.എൽ, കോണമുണ്ട ഇ.എഫ്.എൽ, മേലേതോട്ടപ്പള്ളി ഇ.എഫ്.എൽ, മൂലേപ്പാടം, പാലകത്തോട് പ്രദേശങ്ങളിലും, നിലമ്പൂർ റെയിഞ്ച് പരിധിയിൽ ആഢ്യൻപാറ-ഇരുൾകുന്ന്, കൊടീരി ബിറ്റ് 2, ഭൂദാനം ബിറ്റ് തുടങ്ങിയ പ്രദേശങ്ങളിലും, വഴിക്കടവ് റെയിഞ്ച് പരിധിയിൽ പോത്തുകൽ, മരുത, മുണ്ടേരി, കരിയമുറിയം പ്രദേശങ്ങളിലും, നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയിഞ്ച് പരിധിയിൽ നെന്മേനി ബിറ്റ് 1, 2 പ്രദേശങ്ങളിലും, മണ്ണാർക്കാട് ഡിവിഷനിലെ മണ്ണാർക്കാട് റെയിഞ്ച് പരിധിയിൽ ആനമൂളി, മെഴുകുംപാറ, ഉരുളൻകുന്ന്, വാക്കോടൻ, ഇഞ്ചിക്കുന്ന്, ചുള്ളിപ്പാറ, കരിമ്പ, കല്ലടിക്കോട്, ആനക്കരണം, പരുത്തിമല മലവാരങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലും അഗളി റെയിഞ്ചിന്റെ പരിധിയിൽ വരടിമല പ്രദേശത്തും, അട്ടപ്പാടി റെയിഞ്ച് പരിധിയിൽ അരളിക്കോണം-കിണ്ണക്കര പ്രദേശത്തും, പാലക്കാട് ഡിവിഷനിലെ ഒലവക്കോട്, ഒറ്റപ്പാലം, വാളയാർ റെയിഞ്ചുകളുടെ പരിധിയിലും, നെന്മാറ ഡിവിഷനിലെ ആലത്തൂർ, കൊല്ലങ്കോട് റെയിഞ്ചുകളുടെ പ്രദേശങ്ങളിലും ഇനി ജണ്ടകൾ നിർമ്മിക്കുവാനുണ്ട്.
- കണ്ണൂർ നോർത്തേൺ വനം സർക്കിളിൽ കാസർഗോഡ് ഡിവിഷനു കീഴിൽ കാഞ്ഞങ്ങാട് റെയിഞ്ചിനുകീഴിൽ Popular Estate 12th Bit ൽ 40 ജണ്ട കെട്ടുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നുണ്ട്. കാസർഗോഡ് റെയിഞ്ചിലെ ബന്തടുക്ക സെക്ഷനിൽപ്പെട്ട മണ്ടക്കോൽ ഏരിയയിൽ കർണ്ണാടക അതിർത്തിയിൽ തർക്ക ഭൂമിയായി 5 കി.മീറ്ററിൽ

ജണ്ട കെട്ടാൻ ബാക്കിയുണ്ട്.

നോർത്ത് വയനാട് ഡിവിഷനിലെ മാനന്തവാടി റെയിഞ്ചിലെ നീലോം വനാതിർത്തിയിലും പേര്യ റെയിഞ്ചിലെ എടമന, വലിയകൊല്ലി, വരയാൽ, പണിയൻകുഴിമല, വലിയകാപ്പാട്ടുമല, വട്ടപ്പൊയിൽ യമുന പ്ലാൻറെഷൻ, എടത്തന, മൻസൂർ മുബാറക് ഇ.എഫ്.എൽ, പി.കെ.മറിയം ഇ.എഫ്.എൽ, ആർ.എം.എസ് ഇ.എഫ്.എൽ, ശ്രീല ഇ.എഫ്.എൽ, രഞ്ജിത്ത് ഇ.എഫ്.എൽ എന്നീ വനാതിർത്തികളിലും ബേഗൂർ റെയിഞ്ചിലെ ബ്രഹ്മഗിരി എസ്റ്റേറ്റ് വനാതിർത്തിയിലുമായി ആകെ 1268 ജണ്ടകൾ നിർമ്മിക്കാനുണ്ട്. വനം കയ്യേറ്റങ്ങളും ജനങ്ങളുടെ പ്രതിഷേധവും ഒ.എ കേസുകളും ഉള്ള വനാതിർത്തികളിലാണ് ഇനി ജണ്ടകൾ നിർമ്മിക്കാൻ ബാക്കിയുള്ളത്.

സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിലെ ഇരുളം ഫോറസ്റ്റ് സ്റ്റേഷനിൽ ചേലക്കൊല്ലി, 90 ഏക്കർ, മണ്ണുണ്ടി, മാരമല, ആനപന്തി, ചെട്ടിപാമ്പ്ര എന്നീ വനാതിർത്തികളിൽ 50 ജണ്ടകൾ നിർമ്മിക്കാൻ അവശേഷിക്കുന്നുണ്ട്. കൽപ്പറ്റ റെയിഞ്ചിലെ കുന്നത്തിടവക വില്ലേജിലെ നിക്ഷിപ്ത വനഭൂമി (ലക്കിടി ബിറ്റ് 2), നിക്ഷിപ്ത വനഭൂമി (ലക്കിടി ബിറ്റ്1), പടിഞ്ഞാറത്തറ വില്ലേജിലെ നരിപ്പാറ ഇ.എഫ്.എൽ എന്നിവയുടെ വനാതിർത്തികളിൽ ജണ്ട കെട്ടാൻ ബാക്കിയുണ്ട്. മേപ്പാടി റെയിഞ്ചിലെ മുട്ടിൽ സെക്ഷനിലെ തൊവരിമല, ബഡേരി സെക്ഷനിലെ നസ്രാണിക്കാട്, റിപ്പൺ എസ്റ്റേറ്റ്, മുണ്ടക്കൈ സ്റ്റേഷൻ പരിധിയിലെ നീലിക്കാപ്പ്, ബംഗ്ലാവ് ബീറ്റ്, കുപ്പച്ചി, പുത്തുമലകാശ്മീർ, കള്ളാടി മീനാക്ഷി, കെ.സി.കാട്, അഡ്ജസൻറ് കെ.സി.കാട്, നെല്ലിമുണ്ട, വൈത്തിരി സ്റ്റേഷൻ പരിധിയിലെ ചെമ്പ്ര, പുഴമൂല, ആനക്കാട്, മേപ്പാടിക്കുന്ന്, ആനപ്പാറ, ഓടത്തോട്, കട്ടൂർ, നെല്ലിമുണ്ട, കല്ലുമല, കൊട്ടാരം, തുക്കൈപ്പ, ജയ്ഹിന്ദ്, നെടുംമ്പാല, വിത്തകാട്, പുത്തക്കൊല്ലി, കർപ്പൂരക്കാട്, ചാരിറ്റി ലെഫ്റ്റ് ഔട്ട് വെസ്റ്റഡ് ഫോറസ്റ്റ്, അരപ്പറ്റ, ചുളുക്ക എന്നിവിടങ്ങളിൽ ജണ്ട കെട്ടാൻ അവശേഷിക്കുന്നുണ്ട്. ആയതിൻറെ സർവ്വെ പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജണ്ട പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിൽ, തേനരുവി, കണ്ടപ്പൻചാൽ, കുണ്ടൻതോട്, സ്വർഗ്ഗംകുന്ന്, മുത്തപ്പൻപുഴ, മറിപ്പുഴ, ജീരകപ്പാറ, കൊടക്കാട്ടുപാറ എന്നീ വനാതിർത്തികളിലും പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പന്നിക്കോട്ടൂർ റിസർവ്വ് വനാതിർത്തിയിൽ രണ്ടാംചീളി മുതൽ ആലംപാറ-പന്നിക്കോട്ടൂർ വരെയും, പന്നിക്കോട്ടൂർ-കുവ്വപ്പൊയിൽ-പെരുവണ്ണൂമൂഴി വരെയും, പെരുവണ്ണാമൂഴി-വട്ടക്കയം-ചെങ്കോട്ടക്കൊല്ലി-സീതപ്പാറ വരെയും ജണ്ട കെട്ടാനുണ്ട്. കക്കയം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ ആശ്വാസപ്പാറ, ഗണപതിക്കുന്ന്, പൂവ്വത്തുംചോല, പീടികക്കുന്ന്, തോരാട്, കിടികുടുക്കി, കാറ്റുള്ളമല, തോണിക്കുഴി, ഏലക്കാനം, കൽപ്പടിയൻ തിരുമുടിയൻ എന്നീ വനാതിർത്തികളിലും കുറ്റ്യാടി റെയിഞ്ചിൽ പരിപ്പ, വലിയപാനോം, പന്നിയേരി, വാളൂക്ക്, കൊങ്ങാട് എന്നീ നിക്ഷിപ്ത വനഭൂമികളിലും ഇ.എഫ്.എൽ ഉൾപ്പെടുന്ന സ്ഥലങ്ങളിലും ജണ്ട കെട്ടാൻ ബാക്കിയുണ്ട്.

പാലക്കാട് വന്യജീവി വിഭാഗം സർക്കിളിലെ സൈലൻറ് വാലി ദേശീയോദ്യാനത്തിനു

ച്ചറ്റും ബഫർസോൺ രൂപീകരിച്ചതിനെ തുടർന്ന് കൂട്ടി ചേർക്കപ്പെട്ട പ്രദേശങ്ങളിലെ വനാതിർത്തി നിർണ്ണയ പ്രവൃത്തികൾ നടന്നു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന ഭാഗം കൂടി ജണ്ട കെട്ടി സംരക്ഷിക്കുവാനുണ്ട്. ചൂലന്നൂർ മയിൽ സങ്കേതത്തിൻറെ അതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടി വനാതിർത്തി നിർണ്ണയിക്കുന്ന നടപടി നടന്നുവരുന്നു. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ മുത്തങ്ങാ റെയിഞ്ചിന്റെ കാളങ്കണ്ടി, കണാൽ ഭാഗത്ത് തർക്കഭൂമി ഡി.എൽ.എസ്.എ കേസ് നിലനിൽക്കുന്നതിനാലും, സുൽത്താൻബത്തേരി റെയിഞ്ചിൻറെ വള്ളുവാടി-ഓടപ്പള്ളം-തമ്പുരാട്ടിക്കാവ്, കാപ്പിസ്റ്റോർ-നായക്കട്ടി ഭാഗത്ത് തർക്കം നിലനിൽക്കുന്നതിനാലും മേൽ സ്ഥലങ്ങളിൽ ജണ്ട നിർമ്മാണം അവശേഷിക്കുന്നുണ്ട്.

കോട്ടയം വന്യജീവി സർക്കിളിന്റെ പരിധിയിൽ വള്ളക്കടവ് റെയിഞ്ചിൽ ഇ.എഫ്.എൽ ആയി പ്രഖ്യാപിച്ചിട്ടുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും തൊണ്ടിയാർ ഭാഗത്ത് അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് ബഹു. പീരുമേട് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും, ടി കേസുകളുടെ വിധി വരുന്ന മുറയ്ക്ക് മാത്രമേ ജണ്ട നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ കുറിഞ്ഞിമല സാങ്ച്ചറിയിൽ സെറ്റിൽമെൻറ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ആനമുടി ഷോല നാഷണൽ പാർക്കിലെ സർവ്വെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ജണ്ട കെട്ടി വേർതിരിക്കാനുണ്ട്.

പൊതുജനങ്ങളുമായി വനാതിർത്തി പങ്കിടുന്ന ചില സ്ഥലങ്ങളിൽ തർക്കം നിലനിൽക്കുന്നതിനാലും, കോടതി കേസുകൾ നിലനിൽക്കുന്ന പ്രദേശങ്ങളിലും, ആയത് പരിഹരിക്കുന്ന മുറയ്ക്ക് മാത്രമെ ജണ്ടനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.